ട്ടുള്ളൂ. ഫണ്ടിന്റെ അപര്യാപ്തത കാരണം ബാക്കി പണികൾ പൂർത്തിയാക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അനുഭാവപൂർണ്ണമായ നിലപാട് ഈ കെട്ടിടത്തിന്റെ നിർമ്മാണത്തിൽ സ്വീകരിക്കണം; അതിനാവശ്യമായ തുക വകയിരുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഇതിന് രണ്ട് വശമുണ്ട്. ഒന്ന് ആശുപത്രി പാലക്കാട് അത്യാവശ്യമാണെന്നുള്ളത്. മറ്റൊന്ന് കുറെ പണം ചെലവഴിച്ച് ഒരു വലിയ ബ്ലോക്ക് പൂർത്തിയാകാതെ കിടക്കുകയാണെന്നുള്ളതാണ്-ഈ അസംബ്ലിമന്ദിരം എത്രകാലം മോചനം കിട്ടാതെ കിടന്നു-അതുപോലെ. അപ്പോൾ അത് പൂർത്തീകരിക്കാനുള്ള നടപടി ഗവൺമെന്റ് കൈക്കൊണ്ടില്ലെങ്കിൽ ഇൻവെസ്റ്റ് ചെയ്ത ഈ പണം വ്യർത്ഥമാവിലാകും. അത് ചെയ്യാൻ പരമാവധി ആഗ്രഹം ഇല്ലാഞ്ഞിട്ടല്ല. ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് പ്രതിപക്ഷമൊക്കെ പറഞ്ഞു. ഇത് രണ്ട് കൂട്ടർക്കും അറിയുന്നതാണ്. ആ പരിധിയിൽ നിന്നുകൊണ്ട് ഇതിനാവശ്യമായ പണം വകയിരുത്താൻ ശ്രമിക്കാം. wait for better times. കുറച്ചുകൂടി അനുകൂലമായ സാമ്പത്തികസ്ഥിതി വേഗം ഉണ്ടാകും എന്നാണ് വിചാരിക്കുന്നത്. അതുണ്ടാകുന്ന മുറയ്ക്ക് ഈ ഗവൺമെന്റ് തന്നെ ചെയ്യും; അതിന് വേറെ തർക്കം വേണ്ട. ഏതായാലും ഇതിനുവേണ്ട പണം കൊടുക്കുന്നതാണ്. ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതിയിൽ നിന്നുകൊണ്ട് ഈ പണി പൂർത്തീകരിക്കാൻ പരമാവധി ശ്രമിക്കുന്നതാണ്.

(8) കാസർഗോഡ് ആലമ്പാടി പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പണി

ശ്രീ. സി.ടി. അഹമ്മദ് അലി : സർ, കാസർഗോഡ് നിയോജകമണ്ഡലത്തിലെ എം.എൽ.എ. റോഡായ പെരിമ്പടക്കടവ്-ആലമ്പാടി റോഡിൽപ്പെട്ട, നിർമ്മാണം പൂർത്തിയാക്കിയ പാലമാണ് ആലമ്പാടി പാലം. പാലംപണി പൂർത്തിയാക്കിയിട്ട് ഏതാണ്ട് ഒരു വർഷത്തിൽ കൂടുതലായി. ടെണ്ടർ പ്രകാരം പാലവും അപ്രോച്ച് റോഡും ഓരോ പ്രത്യേക എഗ്രിമെന്റ് പ്രകാരം പൂർത്തിയാക്കേണ്ടതാണ്. പാലം പണി പൂർത്തിയാക്കിയതല്ലാതെ ഇന്നുവരെ കരാറുകാർ അപ്രോച്ച് റോഡിന്റെ പണി തുടങ്ങിയിട്ടില്ല. ഇതിനുവേണ്ടി ധർണ്ണകളും സമരങ്ങളും നടന്നുവരുന്നുണ്ട്. പാവപ്പെട്ട ചെറുകിട കൃഷിക്കാരും വിദ്യാർത്ഥികളും അപ്രോച്ച് റോഡ് പണി പൂർത്തിയാകാത്തതിനാൽ വളരെയേറെ വിഷമിക്കുന്നു. അപ്രോച്ച് റോഡിന്റെ പണി പൂർത്തിയാക്കാത്തതുകാരണം പാലം ഗതാഗത യോഗ്യമാക്കാൻ കഴിഞ്ഞില്ല. അടിയന്തിരമായി ഈ അപ്രോച്ച് റോഡിന്റെ പണി പൂർത്തീകരിച്ച് പാലം ഗതാഗതത്തിന് തുറന്നുകൊടുക്കാൻ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഈ പാലം പണിതീർന്ന് അപ്രോച്ച് റോഡിനാവശ്യമായ സ്ഥലം വിട്ടുകിട്ടാൻ താമസിച്ചു. ബഹുമാനപ്പെട്ട മെമ്പർക്ക് അത് അറിയാവുന്നതാണ്. ഇപ്പോൾ സ്ഥലം വിട്ടുകിട്ടിയിട്ടുണ്ട്. കോൺട്രാക്ടർക്ക് പണി തുടങ്ങാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇനിയും തുടങ്ങുന്നില്ലെങ്കിൽ ഈ കോൺട്രാക്ടറുമായിട്ടുള്ള എഗ്രിമെന്റ് ടെർമിനേറ്റ് ചെയ്ത് അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് വേറെ ഏർപ്പാടുകൾ ചെയ്യുന്നതാണ്. ഉടനെതന്നെ പണി തുടങ്ങാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. അൽപ്പം സമയംകൂടി നോക്കിയതിനുശേഷം

LIBRARY ARCHIVES Kerala Legislative Assembly

പണി തുടങ്ങുന്നില്ലെങ്കിൽ കോൺട്രാക്ട് ടെർമിനേറ്റ് ചെയ്ത് അപ്രോച്ച് റോഡ് നിർമ്മിക്കാൻ വേറെ സംവിധാനം ഏർപ്പെടുത്തുന്നതാണ്.

(9) ആലപ്പുഴ ജില്ലയിലെ ഒറ്റമശ്ശേരി-ചെല്ലാനം റോഡ് ഗതാഗതയോഗ്യമാക്കൽ

ശ്രീമതി കെ.ആർ. ഗൗരിയമ്മ : സർ, അരൂർ നിയോജകമണ്ഡലത്തിലെ ഒറ്റമശ്ശേരി മുതൽ ചെല്ലാനം വരെയുള്ള റോഡ് ഇടിഞ്ഞുപൊളിഞ്ഞു കിടക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഓരോ കൊല്ലവും അതിന്റെ അറ്റകുറ്റപ്പണികൾ നടത്താൻ ഈ നിയമസഭയിൽ ഞാൻ ആവശ്യപ്പെട്ടിട്ടുള്ളതാണ്. സെൻട്രൽ റോഡ് ഫണ്ടിൽനിന്നും ഉള്ള തുക ഉപയോഗിച്ച് ചെയ്ത റോഡാണ്, അവരാണ് ചെയ്യേണ്ടത് എന്ന് പറയും. അത് കഴിഞ്ഞശേഷം 1997-ൽ ഇതിന് അങ്ങ് തന്ന ഒരു മറുപടി ഒറ്റമശ്ശേരി-ചെല്ലാനം റോഡ്, നാഷണൽ ഹൈവേ സി.ആർ.എഫ് സ്കീമിൽ ഉൾപ്പെടുത്തി ചെയ്യുന്നതാണ്, 148.75 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഉണ്ടാക്കി പരിശോധിച്ചുവരുന്നു, ഉടനെതന്നെ വർക്ക് ചെയ്യുന്നതാണ് എന്നാണ്. 1997-ന് അങ്ങ് തന്ന മറുപടിയാണ്. അത് കഴിഞ്ഞശേഷം 1999 വരെയായിട്ട് ഈ റോഡിന്റെ പണി തുടങ്ങിയിട്ടില്ല. പണി തുടങ്ങുന്നതിന് 8 റീച്ചായിട്ട് എടുത്ത റോഡിന്റെ 4 റീച്ചിന് ടെണ്ടർ വിളിച്ചു. ബഡ്ജറ്റിൽ തുക ഇല്ലാതെവന്നതുകൊണ്ട് ഗവൺമെന്റിന്റെ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷന് വരേണ്ടിവന്നു. പിന്നീടാണ് ടെണ്ടർ വിളിക്കുന്നത്. ടെണ്ടർ വിളിച്ചു കഴിഞ്ഞതിനുശേഷം ടെണ്ടർ കമ്മിറ്റി വന്ന് നെഗോഷിയേറ്റ് ചെയ്യാൻ വളരെക്കാലം താമസിപ്പിച്ചു. 1998-99-ലെ ബഡ്ജറ്റിൽ തുകയുണ്ട്, പണി ചെയ്തില്ല. ഇന്നിപ്പോൾ എസ്റ്റിമേറ്റ് എടുത്ത് ടെണ്ടർ വിളിച്ച് ടെണ്ടർകാരെ കൊണ്ട് അംഗീകരിപ്പിച്ചു. ലെവൽസ് എടുത്തു കഴിഞ്ഞശേഷം ഇന്നിപ്പോൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ആഫീസിൽവന്ന് കാത്തുകിടക്കുകയാണ്.

സർ, തീരദേശത്തെ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് സ്കൂളിലേക്ക് പോകാനുള്ള റോഡാണ്. ആ റോഡിൽക്കൂടി വേണം ഇപ്പുറത്ത് വരാൻ. ഇപ്പോൾ ചാലിൽക്കൂടി ഇപ്പുറത്തേക്ക് വള്ളത്തിൽ കയറ്റി റോഡിൽ കൊണ്ടുവന്നാണ് സാധനങ്ങൾ കൊണ്ടുപോകുന്നത്. റോഡ് പണി നീട്ടുകയാണ്. അനേകം സമരങ്ങൾ നടന്നു. അവിടെ പള്ളിയിലുള്ള അച്ചന്മാരുൾപ്പെടെ പലരും സമരങ്ങൾ നടത്തി. പല പ്രാവശ്യം വിളിച്ച് കോൺഫറൻസ് നടത്തി; റോഡ് പണി നടക്കുന്നില്ല. നാലു റീച്ച് മാത്രമേയുള്ളൂ. ഇപ്പോൾ രണ്ടാമത് ടെന്റർ വിളിക്കുന്നതിനുള്ള സാംഗ്ഷൻ കൊടുത്തിട്ടുണ്ട്. പക്ഷേ ടെന്റർ വന്നിട്ടില്ല. റോഡാകുന്നില്ല. എന്റെ കഴിവു കുറവുകൊണ്ടാണ് പണി നടക്കാത്തത് എന്നാണ് അവിടെ പ്രചരണം നടത്തുന്നത്. ഞാൻ വയസ്സായതുകൊണ്ട് എനിക്ക് മെറ്റൽ ചുമക്കാനൊന്നും ശക്തിയില്ലല്ലോ, അതുകൊണ്ട് എന്റെ കഴിവു കുറവായിരിക്കും. എന്തായാലും ആ വിധത്തിലുള്ള പ്രചരണം അവിടെ നടത്തുകയാണ്. എന്നോടുള്ള വിരോധം തീർക്കുന്നതിനുള്ള ഒരു നടപടി ആണെന്നാണ് തോന്നുന്നത്. ഇങ്ങനെയൊരു നടപടിയുണ്ടോ? എത്ര പ്രാവശ്യമാണ് ഞാനിവിടെ ഇത് ഉന്നയിച്ചത്? ഓരോ കൊല്ലവും രണ്ടു പ്രാവശ്യമെങ്കിലും ഞാൻ നിയമസഭയിൽ ആവർത്തിച്ചാവർത്തിച്ച് പറയാറുള്ളതാണ്. റോഡിന്റെ പണി നടക്കുന്നില്ല. അതിന്റെ എസ്റ്റിമേറ്റെടുത്ത്, ബാക്കി കാര്യങ്ങൾ ചെയ്തു. അതിനിടെ കുഴി അടയ്ക്കാൻ നടപടിയെടുത്തു കുഴി അടയ്ക്കാൻ ഉരുളൻ കല്ലു കൊണ്ടുവന്നിട്ടു അതിന്റെ പുറത്ത് മണ്ണിടാത്തതുകൊണ്ട് റോഡിൽകൂടി വണ്ടി ഓടിക്കാൻ സാധിക്കു

LIBRARY ARCHIVES Kerala Legislative Assembly